**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2674** **04-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക വായ്പയായി അനുവദിക്കുന്ന പദ്ധതി തുകയുടെ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കർഷകർക്കുള്ള ഹ്രസ്വകാല, ദീർഘകാല വായ്പകൾക്ക് പദ്ധതി തുകയുടെ എത്ര ശതമാനമാണ് അനുവദിക്കുന്നതെന്നും വായ്പയായി എത്ര രൂപ വരെ അനുവദിക്കുമെന്നും വ്യക്തമാക്കുമോ? | (എ) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ നിന്നും കർഷകർക്ക് ദീർഘകാല വായ്പയായി പദ്ധതി തുകയുടെ 90% മുതൽ 95% വരെ അനുവദിക്കുന്നുണ്ട്. പരമാവധി 1 കോടി രൂപ വരെ വായ്പയായി നൽകുന്നതാണ്. (പ്രാഥമിക ബാങ്കുകളുടെ റിക്കവറിയുടെ നിലവാരം അനുസരിച്ച്).<br><br>കേരള ബാങ്കിൽ നിന്നും കർഷകർക്കായി ഹ്രസ്വകാല, ദീർഘകാല വായ്പകൾക്കായി പദ്ധതി തുകയുടെ 80% മുതൽ 90% വരെ, (നബാർഡിന്റെ യൂണിറ്റ് കോസ്റ്റിനനുസൃതമായി പരമാവധി തുക വായ്പയായി അനുവദിച്ചു വരുന്നു).<br><br>മറ്റു സഹകരണ സ്ഥാപനങ്ങളുടെ വായ്പാ പരിധി അതാത് സംഘങ്ങളുടെ IMBP (Individual Maximum Borrowing Power)-ക്ക് അനുസൃതമായാണ് നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ